പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3423 — 19.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം

ചോദ്യം — ശ്രീ.എം. വിൻസെന്റ്

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം അട്ടിമറിച്ചുവെന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദമാക്കാമോ; | (എ) | അല്ല.<br>കെ.എസ്.ആർ.ടി.സി ആകെ 83 സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 3 സർവ്വീസുകളിൽ നിന്നും, കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുമെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ, ഡ്രൈവർ കം കണ്ടക്ടർ സംവിധാനം താൽക്കാലികമായി പിൻവലിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ ഏതൊക്കെ സർവ്വീസുകളിൽ നിന്ന് ഈ സംവിധാനം പിൻവലിച്ചിട്ടുണ്ട്; അതിനുള്ള കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ? | (ബി) | 1. 19.45 നിലമ്പൂർ<br>2. 19.30 കോഴിക്കോട്<br>3. 22.20 കോഴിക്കോട്<br>എന്നീ സർവ്വീസുകളിൽ നിന്നാണ് ഡ്രൈവർ കം കണ്ടക്ടർ സംവിധാനം പിൻവലിച്ചിട്ടുള്ളത്. ഓരോ ട്രിപ്പിനും നിയമാനുസൃതമായ സ്റ്റിയറിംഗ് ഡ്യൂട്ടിയും, ട്രിപ്പുകൾക്ക് ഇടയിൽ 10 മണിക്കൂറിലധികം വിശ്രമവും ജീവനക്കാർക്ക് ലഭിക്കുന്ന തരത്തിലാണ് ഷെഡ്യൂളുകൾ ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ ടി സർവ്വീസുകളിൽ നിന്ന് ഡ്രൈവർ കം കണ്ടക്ടർ സംവിധാനം പിൻവലിച്ചതിനെ തുടർന്ന് ലഭ്യമായ ഡ്രൈവർ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് മറ്റ് സർവ്വീസുകൾ നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ